**15**

## പിറന്നാൾ സമ്മാനം

നഗരത്തിൽ നിന്ന് നാട്ടുമ്പുറത്തേക്കുള്ള ട്രെയിൻ ഭൂഗർഭത്തിൽ നിന്ന് പുലർവെട്ടത്തേക്കിറങ്ങിയപ്പോൾ മാസങ്ങളായി ഇരുളടഞ്ഞു കിടന്ന ജീവിതത്തിലേക്കും പ്രകാശം പരക്കുന്നതായി അവൾക്കു തോന്നി.

അവൾ ചാച്ചനെക്കുറിച്ചോർത്തു. ചാച്ചന്റെ അമ്പതാം ജന്മദിനമാണിന്ന്. പിറന്നാളിന് ചാച്ചനെ കാണാൻ അനുവദിച്ചില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്നു പറഞ്ഞപ്പോൾ വെൽഫെയർ ഓഫീസർക്ക് കൂടുതലൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. തനിയെ പോകാനുള്ള അനുവാദം എഴുതിത്തന്നു.

ചാച്ചനെ പരിചയമുള്ളവരൊക്കെ പറയുമായിരുന്നു "എത്ര അടുക്കും ചിട്ടയുമുള്ള മനുഷ്യൻ." എന്നിട്ടും ഒരു പൊട്ടിത്തെറി ഞങ്ങളുടെ ജീവിതത്തെ ഇരുളിലേക്കു വലിച്ചെറിഞ്ഞു.

കഴിഞ്ഞ വർഷം ചാച്ചന്റെ ഇരുപത്തഞ്ചാം വിവാഹവാർഷികവും നാൽപത്തൊമ്പതാം ജന്മദിനവും ആഘോഷിക്കുന്നതിനിടയ്ക്ക് വീഞ്ഞിന്റെ ലഹരിയിൽ മുങ്ങിയ മമ്മിയുടെ കൂട്ടുകാരി പറഞ്ഞു. "എന്റേടീ തങ്കേ.........നിനക്കു മുന്നെ കുട്ടായിയെ കണ്ടിരുന്നെങ്കിൽ ഞാൻ ഇതിയാനെ കെട്ടിയേനെ."

"എന്റെ പിള്ളേരുടെ ഒരു ഭാഗ്യം! അല്ലാതെന്തു പറയാൻ." ചാച്ചൻ ഉറക്കെ ചിരിച്ചുകൊണ്ട് അവരുടെ കൈയിലിരുന്ന ഗ്ലാസു വാങ്ങിവച്ചു. അല്പനേരം കഴിഞ്ഞ് രഹസ്യമായി തന്നെ വിളിച്ചുപറഞ്ഞു. "എന്റെ മോക്ക് മേഴ്സി ആന്റിയെ വീട്ടിൽ കൊണ്ടാക്കാവോ, അവരിത്തിരി ഓവറായെന്നാ തോന്നണെ."

കാറിന്റെ താക്കോൽ തന്ന കൂട്ടത്തിൽ പറഞ്ഞു. "തനിച്ചു പോകണ്ട. സന്തോഷിനെയും കൂട്ടിക്കോ."

സന്തോഷിനെ കൊണ്ടുപോകുന്നതിൽ തനിക്കു വലിയ താല്പര്യമില്ലായിരുന്നു. തിരിച്ചെത്തുമ്പോൾ അവൻ തന്നോടുള്ള കുശുമ്പു മുഴുവൻ തീർക്കും. "ഞാൻ പറഞ്ഞില്ലായിരുന്നെങ്കിൽ ചേച്ചി സീറ്റ് ബെൽറ്റിടില്ലായിരുന്നു. ഡ്രൈവ്‌വേയിൽ നിന്നു വഴിയിലേക്കിറങ്ങിയപ്പോൾ ചേച്ചി ടേൺ സിഗ്നൽ ഓണാക്കിയില്ല...."എന്നിങ്ങനെ തുടങ്ങും."

മേഴ്സിയാന്റിയെ വീട്ടിലാക്കി മടങ്ങിയെത്തുമ്പോൾ മമ്മി ആരോടോ സംസാരിച്ചു പൊട്ടിച്ചിരിക്കുന്നതു കേട്ടു. അപ്പോൾ എല്ലാ വർഷവും മമ്മി പറയാറുള്ള കഥയോർത്തു.

അവരുടെ വിവാഹനാൾ സദ്യ കഴിഞ്ഞു പാരിഷ്ഹാളിൽ നിന്നു പിരിയാനൊരുങ്ങിയ അതിഥികളോട് വികാരിയച്ചൻ പറഞ്ഞു. "മണവാട്ടിയുടെ വീട്ടുകാർക്കുവേണ്ടി ഒരറിയിപ്പ്. ഇന്ന് മണവാളന്റെ ജന്മദിനം കൂടിയാണ്."

"അതിനല്ലേ, ജീവനുള്ള ഒരു സമ്മാനം തന്നെ തന്നത്." പെൺവീട്ടുകാരിൽ ഏതോ രസികൻ പറഞ്ഞതു കൂട്ടച്ചിരിക്കു കാരണമായി. ഇന്നും സ്വന്തം ജീവനെക്കാളേറെ ചാച്ചൻ ആ സമ്മാനത്തെ സ്നേഹിക്കുന്നു.

വീട്ടിലെത്തി ചാച്ചന്റെ കാൽക്കൽ വീണു മാപ്പു ചോദിക്കണം. ക്ഷമിക്കാതിരിക്കാൻ ചാച്ചനാവില്ല. അതുകൊണ്ടാണല്ലോ തന്നെയും ഡെന്നിസിനെയും ബന്ധപ്പെടുത്തി മേഴ്സിയാന്റി പറഞ്ഞുണ്ടാക്കിയ നുണകളെല്ലാം കേട്ടിട്ടും ചാച്ചൻ മമ്മിയെപ്പോലെ ക്ഷോഭിക്കാഞ്ഞത്.

ഏതോ സ്റ്റേഷനെത്തി. ഒട്ടേറെപ്പേർ ഇറങ്ങി. കയറിയവർ രണ്ടോ മൂന്നോ. ഇനിയങ്ങോട്ട് ഇങ്ങനെ ആയിരിക്കും. അവസാന സ്റ്റേഷനനെത്തുമ്പോൾ ഈ വലിയ ട്രെയിനിൽ നിന്നിറങ്ങാൻ വെറും ഒന്നോ രണ്ടോ പേരുണ്ടാവും. അടുത്ത സ്റ്റേഷൻ ഏതെന്ന കണ്ടക്ടറുടെ അറിയിപ്പോടെ കതകടഞ്ഞു.

അടുത്തത് തന്റെ സ്റ്റേഷനാണ്. ഓടിത്തുടങ്ങിയ വണ്ടിയോടൊപ്പം നാഡിമിടിപ്പിനും വേഗയാർജ്ജിച്ചു. കത്തുന്ന അടുപ്പിനു മുകളിലെ പ്രഷർകുക്കർ പോലെ മനസ്സ്.

ഒരു ഓട്ടത്തിനിടയിലായിരുന്നല്ലോ ഡെന്നിസിനെ പരിചയപ്പെട്ടത്. ഇന്റർസ്കൂൾ മത്സരം. ട്രാക്ക് ആൻഡ് ഫീൽഡ്. ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാമതെത്തിയ കറുത്ത വർഗക്കാരനെ നോക്കി കൂട്ടുകാർ ജയാരവം മുഴക്കി.

'ഡെന്നീസ്..........ഡെന്നീസ്..........ഡെന്നീസ്..........'

പെൺകുട്ടികളുടേതിൽ അതുവരെയുണ്ടായിരുന്ന സ്കൂൾ മത്സരചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് കറുത്തതല്ലാത്ത ഒരു പെൺകുട്ടി ഒന്നാമതായോടിയെത്തി. എന്നാൽ അവൾ വെളുത്തതും ആയിരുന്നില്ല. അവളെ "നീണ്ട മുടിയും വലിയ കണ്ണുകളുമുള്ള ഇന്ത്യൻ" എന്ന് അവർ വിളിച്ചു.

അങ്ങനെ ന്യൂയോർക്ക് സ്റ്റേറ്റ് ടീമിൽ ഡെന്നീസിനൊപ്പം താനും അംഗമായി.

ഷിക്കാഗോയിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഈസ്റ്റേൺ ചാമ്പ്യൻഷിപ്പിൽ നൂറ് മീറ്ററിൽ ഒന്നാമതെത്തിയ തന്നെ ഡെന്നീസ് ഓടിവന്നു കെട്ടിപ്പിടിച്ച് ചുംബിച്ചു. തങ്ങൾ ആലിംഗനബദ്ധരായി എത്രനേരം ചുംബിച്ചുവെന്നോ അത് എത്രപേർ ക്യാമറയിൽ പകർത്തിയെന്നോ അറിവില്ല. എന്നാൽ ആ നിഷ്കളങ്ക ചുംബനം തന്റെ ജീവിതത്തിന് താളപ്പിഴകളുണ്ടാക്കുമെന്നു ചിന്തിച്ചതേയില്ല.

ഹോട്ടൽ മുറിയിൽ ഊണു കഴിഞ്ഞുറങ്ങുന്നതിനു മുൻപ് ചാച്ചനെ ഫോണിൽ വിളിച്ചു. നൂറ് മീറ്ററിൽ ജയിച്ച വിവരവും പിറ്റേന്ന് കെന്നഡി വിമാനത്താവളത്തിൽ എത്തുന്ന സമയവും അറിയിച്ചു.

ശരീരത്തിനു ക്ഷീണമുണ്ടായിരുന്നുവെങ്കിലും മനസ്സ് ഉറക്കമിളച്ച് കളിക്കളത്തിലൂടെ ചുറ്റിക്കറങ്ങി. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നപ്പോൾ വാതിലിൽ ആരോ മുട്ടുന്നതായി തോന്നി. തുറന്നു നോക്കി. വെറും തോന്നലായിരുന്നു. ഒഹേറിൽ നിന്നുള്ള മടക്കയാത്രയിൽ താനും ഡെന്നിസും അടുത്തടുത്ത സീറ്റുകളിലായിരുന്നു. വോക്ക്മേനിലൂടെ മലയാള ഗാനമാസ്വദിച്ചു കൊണ്ടിരുന്ന തന്നെ കണ്ണെടുക്കാതെ നോക്കിയിരിക്കുന്ന ഡെന്നിസിന്റെ രൂപം ജനൽക്കണ്ണാടിയിലെ അവ്യക്തമായ നിഴലിലൂടെ കാണാമായിരുന്നു.

എയർഹോസ്റ്റസ് പ്രഭാത ഭക്ഷണം വിളമ്പി. വോക്ക്മേൻ ബാഗിൽവച്ച് ചായയിൽ പഞ്ചസാര ചേർത്തു. അപ്പോഴും തന്നിൽ തന്നെ ദൃഷ്ടിയുറപ്പിച്ചിരുന്ന ഡെന്നീസിനോട് വെറുതെ ചോദിച്ചു. “എന്താ ഒന്നും കഴിക്കുന്നില്ലേ?”

ഞാൻ ഇന്നലെ ഉച്ചയ്ക്കുശേഷം ഒന്നും കഴിച്ചിട്ടില്ല, എന്ന ഡെന്നിസിന്റെ മറുപടിയിൽ അസാധാരണമായി എന്തെങ്കിലും അപ്പോൾ തോന്നിയില്ല. എന്നാൽ അല്പനേരത്തിനുള്ളിൽ അയാൾ അതിന്റെ കാരണം വിവരിച്ചപ്പോൾ തീ പിടിച്ച മനസ്സ് വിമാനത്തിന്റെ ചില്ലുകൾ തകർത്തു സ്റ്റേഡിയത്തിലൂടെ പറന്നു നടന്നു.

അയാൾ പറഞ്ഞു.“നിനക്കറിയുമോ.....ഇന്നലെ ഒന്നാമതോടിയെത്തിയ നിന്നെ ചുംബിച്ച നിമിഷം മുതൽ ഈ നേരംവരെ ഞാൻ ഒന്നും കഴിച്ചിട്ടില്ല. ഒരു ഗ്ലാസ് വെള്ളം പോലും! നിന്റെ അധരങ്ങളുടെ സ്വാദ് ഇപ്പോഴും എന്റെ നാവിൽ നിറഞ്ഞു നിൽക്കുന്നു. പല പെൺകുട്ടികളെയും ചുംബിച്ചിട്ടുള്ള എന്റെ ജീവിതത്തിൽ ഇത്തരമൊരനുഭവം ആദ്യമാണ്.”

അതു കേൾക്കെ ഡെന്നിസിന്റെ കഴുത്തിൽ താൻ കൈചുറ്റിയതും പരിസരം മറന്ന് അയാളെ ചുംബിച്ചതും തെറ്റായിരുന്നെങ്കിൽ ആ പ്രവൃത്തി വൈകാരികമായിരുന്നെന്നും അതു ക്ഷമിക്കാൻ ചാച്ചൻ തയ്യാറാണെന്നും പറഞ്ഞപ്പോൾ തനിക്കു ചാച്ചനോടു തോന്നിയ സ്നേഹം മുമ്പൊരിക്കലും തോന്നാത്തതായിരുന്നു.

വിമാനത്താവളത്തിൽ തന്നെ കാത്തുനിന്ന മമ്മിക്കും സന്തോഷിനുമൊപ്പം വന്നിരുന്ന മേഴ്സിയാന്റി പ്രശ്നങ്ങൾക്കു തുടക്കം കുറിച്ചു. കണ്ടവരോടെല്ലാം അവർ പറഞ്ഞു. “എന്റമ്മയാണെ സത്യം ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടതാണ്. അവൾ ഒരു കറമ്പനെ കെട്ടിപ്പിടിക്കുന്നത്.”

ജോലി കഴിഞ്ഞെത്തുന്ന മമ്മി അകാരണമായി ശകാരിക്കാൻ തുടങ്ങിയപ്പോൾ മനസിലായി. സംശയത്തിന്റെ നിഴൽ മമ്മിയിലേക്കും വ്യാപിച്ചിരിക്കുന്നു!

ഒരിക്കൽ ചാച്ചൻ തന്നെ വായന മുറിയിലേക്കു വിളിച്ചു പറഞ്ഞു. “എന്റെ മോളോടു ഞാൻ പറഞ്ഞു തരേണ്ടതുണ്ടെന്നു തോന്നുന്നില്ല. എങ്കിലും.......അസൂയയാണ് മക്കളെ........മേഴ്സിയാന്റ് എന്തൊക്കെയോ പറഞ്ഞു നടക്കുന്നെന്നു കേട്ടു. ഞാൻ അതൊന്നും വിശ്വസിക്കുന്നില്ല.

നടന്നതെല്ലാം ചാച്ചനോടു പറഞ്ഞു. ഒരു മകൾ പിതാവിനോടു പറയാവുന്നവയത്രയും.

സംഭവിച്ചതൊന്നും ക്ഷമിക്കാൻ കഴിയാത്ത കുറ്റമല്ലെന്നും മേഴ്സിയാന്റിയെപ്പോലുള്ളവർ പറന്നു പോകുന്ന പക്ഷികളുടെയും ചാരിത്ര്യം സൂക്ഷിപ്പുകാരാണെന്നും ചാച്ചൻ പറഞ്ഞപ്പോൾ കാര്യങ്ങൾ മനസ്സിലാക്കാൻ അദ്ദേഹത്തിനുള്ള കഴിവിലും ഹൃദയവിശാലതയിലും അവൾക്കുണ്ടായിരുന്ന മതിപ്പ് അനേകായിരം മടങ്ങായി.

പിറ്റേ ഞായറാഴ്ച പള്ളിമുറ്റത്തു നിൽക്കുകയായിരുന്ന ചാച്ചൻ ആരോടോ ഉച്ചത്തിൽ സംസാരിക്കുന്നതും തുടർന്ന് ചിലർ ചാച്ചനെ പിടിച്ചു വലിച്ചു കാറിലേക്കു കൊണ്ടുപോകുന്നതും കണ്ടു.

അപ്രസന്നമായ മുഖത്തോടെ കാറോടിച്ചിരുന്ന ചാച്ചനോടു മമ്മി ചോദിച്ചു. “എന്തുണ്ടായി?”

“എന്റെ മകൾ ഒരു കാപ്പിരിക്കൊച്ചിനെ പ്രസവിച്ചാൽ അതിനെ ഞാൻ തന്നനെ വളർത്തി ക്കൊള്ളാമെന്ന് അച്ചനോടെനിക്കു പറയേണ്ടി വന്നു.” ചാച്ചൻ റിയർവ്യൂമിറ്ററിലൂടെ തന്റെ മുഖഭാവം ശ്രദ്ധിക്കുന്നതായി തോന്നി.

വീട്ടിലെത്തിയ അവർ അന്യോന്യം ഹൃദയം തുറന്നു. അവളുടെ പ്രവൃത്തികൾ ബാലിശമെന്നും ഒരു ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള പ്രായവും വിവേകവും അവൾക്കില്ലെന്നുമുള്ള ചാച്ചന്റെ

വാദത്തോട് അവൾക്കു യോജിക്കാനായില്ല. അവസാനം അവർ വിട്ടുവീഴ്ചകൾക്കു തയ്യാറായി. വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ ഡെന്നിസുമായി അപ്പാർട്ടമെന്റിലേക്കു പോകുകയോ അയാൾ തങ്ങളുടെ വീട്ടിലേക്കു വരികയോ ചെയ്യില്ലെന്നും അവൾ ചാച്ചന് ഉറപ്പുകൊടുത്തു.

സംസാരിച്ചിരിക്കെ ഫോൺ മണിയടിച്ചു. മമ്മി ഫോണെടുത്തു. റിസീവർ ചാച്ചനു നേരെ നീട്ടിപ്പറഞ്ഞു. "ദാ...............അവനാണ്."

താൻ ഭയന്നു. ചാച്ചൻ പൊട്ടിത്തെറിച്ചേക്കാവുന്ന നിമിഷങ്ങൾ. തന്റെ ആശങ്കകൾക്കതീതമായി വളരെ ശാന്തനായി തന്നെ ചാച്ചൻ ഡെന്നിസിനോടു സംസാരിച്ചു.

"നിങ്ങൾ രണ്ടാളും വളരെ സമർത്ഥരായ ചെറുപ്പക്കാർ. നിങ്ങളുടെ സൗഹൃത്തിൽ ഞാൻ സന്തുഷ്ടനും. ഞങ്ങളുടെ രീതിയും നിങ്ങളുടെതും ഒന്നല്ല. തുറന്നു പറയുന്നതിൽ വിഷമം തോന്നരുത്. മേലിൽ നീ ഇവിടെ വരികയോ മായയെ അങ്ങോട്ടു വിളിക്കുകയോ അരുത്."

അന്നു രാത്രി ഊണു കഴിക്കാതെ കിടപ്പറയിലേക്കു പോയ മകളെ അയാൾ നിർബന്ധിച്ച് ഊണു കഴിപ്പിച്ചു.

പിറ്റേന്നു രാവിലെ അവൾ ഡെന്നീസിനെ ഫോണിൽ വിളിച്ചു. വിവരങ്ങൾ അറിയിച്ചു. അമേരിക്കയിൽ ജനിച്ച താൻ സ്വതന്ത്രയാണെന്നും ആരുടെയും അടിമയല്ലെന്നും ചാച്ചന്റെ വ്യവസ്ഥകളൊന്നും സ്വീകരിക്കാൻ അയാൾ തയ്യാറല്ലെന്നും പറഞ്ഞപ്പോൾ എന്താണു ചെയ്യേണ്ടതെന്നറിയാതെ അവൾ കുഴങ്ങി. ലൈബ്രറിയിൽ ചെന്നിരുന്ന് വെറുതെ താളുകൾ മറിച്ചു നോക്കി. മനസ്സിനെ എങ്ങും ബന്ധിക്കാനാവാതെ തിരിച്ചെത്തിയപ്പോഴുണ്ട് വീട്ടുവാതിൽക്കൽ നിൽക്കുന്നു ഡെന്നീസ്. അവളാകെ പരിഭ്രമിച്ചു. പുറത്തു നിന്നാൽ ആരെങ്കിലും കണ്ടെങ്കിലെന്നു കരുതി അവൾ അയാളെ വീട്ടിനുള്ളിലേക്കു ക്ഷണിച്ചു.

എവിടെ നിന്നെന്നറിഞ്ഞില്ല! ചാച്ചന്റെ കാറ് ഡ്രൈവ്വേയിൽ വന്നുനിന്നു! അപ്രതീക്ഷിതമായി അവരെ ഒന്നിച്ച് മുറിയിൽ കണ്ട ചാച്ചൻ ആയിരം വാക്കിനേക്കാൾ ശക്തിയേറിയ ഒരു നോട്ടത്തോടെ കിടപ്പു മുറിയിലേക്കു പോയി. കോട്ടും ടൈയും അഴിച്ചെത്തിയ ചാച്ചൻ എന്തെങ്കിലും ചോദിക്കുന്നതിന് മുമ്പ് ഡെന്നീസ് പറഞ്ഞു. "എനിക്കു നിങ്ങളുടെ മകളെ ഇഷ്ടമാണ്. കല്യാണം കഴിക്കുന്നതിനും സമ്മതം. ഞങ്ങളുടെ ജീവിതത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കില്ല." ചാച്ചന്റെ കണ്ണിൽ തീ പാറി. ഒരക്ഷരം പോലും ഉരിയാടാതെ ചാച്ചൻ വെളിയിലേക്കു മാറി. പടവലത്തിനു പന്തൽ കെട്ടിയിരുന്ന ഇരുമ്പുപൈപ്പുമായി തിരിച്ചെത്തി. ഭ്രാന്തനെപ്പോലെ ഡെന്നിസിനെ തല്ലിച്ചതച്ചു. ഇടയ്ക്കു കയറിയ തനിക്കു കിട്ടിയ അടി ഇടതുതോളെല്ലു തകർത്തു. സമനില തെറ്റിയ ചാച്ചനെയും രക്തത്തിൽ കുളിച്ചു കിടക്കുന്ന ഡെന്നിസിനെയും രക്ഷിക്കാൻ മറ്റു മാർഗ്ഗമൊന്നും ഇല്ലാഞ്ഞതിനാൽ താൻ പോലീസിൽ ഫോൺ ചെയ്തു.

മാദ്ധ്യമങ്ങൾ മേഴ്സിയാന്റിയുടെ ചിരിച്ചു കൊണ്ടുള്ള ചിത്രമടങ്ങുന്ന നുണക്കഥകൾ പ്രസിദ്ധീകരിച്ചു.

ആശുപത്രിയിൽ നിന്നിറങ്ങിയ അവളെ കൊണ്ടു പോയത് നേരെ ഫോസ്റ്റർ ഹോമിലേക്കായിരുന്നു. അമ്മയും അമ്മാവന്മാരുമെല്ലാം ശ്രമിച്ചിട്ടും നിയമക്കുരുക്കിൽ നിന്ന് തന്നെ രക്ഷപ്പെടുത്താനായില്ലത്രെ.

ചികിത്സ കഴിഞ്ഞ് ആശുപത്രി വിട്ട് ഡെന്നിസ് തന്നെ കാണാൻ പിന്നീട് ഒരിക്കൽപോലും വരികയുണ്ടായില്ല. ചാച്ചനെ ആറുമാസത്തേക്ക് ശിക്ഷിച്ചു.

ട്രെയിൻ സാവധാനായി. സ്റ്റേഷനെത്താറായെന്നു തോന്നുന്നു. അവൾ പുറത്തേക്കു നോക്കി. ചാച്ചൻ മീൻപിടിക്കാറുണ്ടായിരുന്ന തടാകം. നീന്തിക്കളിക്കുന്ന അരയന്നങ്ങൾ. അവയ്ക്കു തീറ്റ കൊടുക്കുന്ന വൃദ്ധദമ്പതികൾ. ട്രെയിൻ നിന്നു. ഒപ്പം നെഞ്ചിടിപ്പും നിലച്ചതു പോലെ.

പുറത്തുകടന്നു. ടാക്സിക്കാരുടെ ബഹളം. നടക്കാമെന്നു കരുതി. പിന്നിൽ ആരോ പറയുന്നതു കേട്ടു. "ആണ്ടെ പോണു കറമ്പന്റെ കൂടെപ്പോയ ആ പെണ്ണ്." പ്രതികരണശേഷി നഷ്ടപ്പെട്ടവളെപ്പോലെ അവൾ മുഖം കുനിച്ച് നടന്നു.

ഊണു കഴിഞ്ഞ് ചാച്ചനോടും സന്തോഷിനോടുമൊത്ത് നടക്കാനിറങ്ങിയിരുന്ന വഴികൾ. കളിക്കാറുണ്ടായിരുന്ന പാർക്ക്. ഇലകൊഴിഞ്ഞ മരങ്ങൾ, കഴിഞ്ഞുപോയ നല്ലകാലത്തെക്കുറിച്ചോർത്തപ്പോൾ മനസ്സിൽ പ്രാർത്ഥിച്ചു. ഈശ്വരാ....ഇനിയൊരിക്കലും തന്നെ ചാച്ചനിൽ നിന്നകറ്റരുതേ.........

കടന്നുപോയ കാറിൽ നിന്ന് ആരോ തിരിഞ്ഞു നോക്കി. ദൈവമേ മേഴ്സിയാന്റി!

ചാച്ചൻ സന്തോഷിനെ സ്കൂളിൽ വിട്ട് തിരിച്ചെത്തിയിട്ടുണ്ടാവും. അകലെ വീടു കണ്ടു. ബെഡ്റൂമിലെ വിൻഡോ കർട്ടൻ മാറ്റിയിരിക്കുന്നു. കാറ് ഗരാജിന് മുന്നിൽ. പടവലപ്പന്തൽ ഒരു ശവപ്പന്തൽ പോലെ. ഇരുമ്പ് പൈപ്പിന്റെ സ്ഥാനത്ത് മരക്കൊമ്പ്.

ചാച്ചൻ വീട്ടിനുള്ളിൽ നിന്നു പുറത്തേക്കിറങ്ങി വരുന്നതു അവൾ അകലെ നിന്നു കണ്ടു. ഉറക്കെ വിളിച്ച് കരഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിക്കമെന്നു തോന്നി. കാലിനു തളർച്ച ബാധിച്ചതുപോലെ..........

ശബ്ദിക്കാനാവാതെ അവൾ മെല്ലെ നടന്നടുക്കെ ചാച്ചൻ കാറിനുള്ളിലേക്കു കയറി. ഗരാജിന്റെ ഷട്ടർ താനേ തുറന്നു. കാറ് അകത്തേക്ക് ഓടിച്ചു കയറ്റി. കറുത്ത തീരശീലപോലെ ഷട്ടർ ഊർന്നു വീണു.

അയാളുടെ മനസ്സിലൂടെ കഴിഞ്ഞ ഒരു വർഷത്തെ സംഭവങ്ങൾ വെള്ളിത്തിരയിലെന്നോണം കടന്നുപോയി. ആദ്യമായി പോലീസ് സ്റ്റേഷനിൽ കയറേണ്ടി വന്നത്. ബഞ്ചിൽ ഒരു പ്രതിമ കണക്കെ കുത്തിയിരുന്നത്. ഭിത്തിയിലേക്കു ചാരിനിറുത്തിയ തന്റെ നാഭിയിലും ഗുഹ്യപ്രദേശത്തും ക്രൂരമായി മർദ്ദിച്ചത്. പോലീസുകാരുടെ ചീത്തവിളികൾ. ഇടികൊണ്ട് ഇരുന്നുപോയ തന്റെ അടിവസ്ത്രത്തിൽ സ്വയമറിയാതെ മലമൂത്ര വിസർജ്ജനം നടന്നത്.......

കോടതി മുറിയിലെ കോലാഹലങ്ങൾ "ഇവൾ എന്റേതാണ്. അവന്റേതല്ല" എന്ന തന്റെ ഇംഗ്ലീഷ് പ്രയോഗത്തിൽ (അച്ഛന് മകളിൽ) ലൈംഗിക താല്പര്യം ചമച്ചെടുത്ത വക്കീലിന്റെ പരിഹാസം. ജഡ്ജി യുടെ പുഞ്ചിരി. കാഴചക്കാരുടെ കൂട്ടച്ചിരി.

"പോലീസ് എത്തിയില്ലായിരുന്നെങ്കിൽ താങ്കൾ ഡെന്നിസിനെ മരിക്കുംവരെ തല്ലുമായിരുന്നോ? എന്ന ഡിസ്ട്രിക്റ്റ് അറ്റോർണിയുടെ ചോദ്യത്തിന് "കൊല്ലുമായിരുന്നു" എന്ന മറുപടിയാണ് അയാളെ തടവറയിലെത്തിച്ചത്.

അയാൾ ആലോചിച്ചു. എന്തിനുവേണ്ടി ആയിരുന്നു ഇതെല്ലാം. ജയിലിൽനിന്ന് താൻ തിരിച്ചെ ത്തിയ വിവരം അവൾ അറിഞ്ഞിട്ടില്ലെന്നു വരുമോ. ഒന്നു വിളിക്കുക പോലും ചെയ്തില്ല. പതിനെട്ടു കഴിയുംവരെ തനിക്ക് അവളെ കാണാൻ അനുവാദമില്ല പോലും. ഓർഡർ ഓഫ് പ്രൊട്ടക്ഷൻ! നേരത്തെ തയ്യറാക്കിവെച്ചിരുന്ന റബർ ഹോസെടുത്ത് ഒരറ്റം പുകക്കുഴലിലേക്കും മറ്റേയറ്റം കാറിനുള്ളിലേക്കും തുറന്നു വച്ചു. പിൻസീറ്റിൽ കയറിക്കിടന്നു.

ജന്മദിനത്തിൽ വിവാഹം കഴിച്ചു. ജന്മദിനത്തിൽ മരിക്കാനും കഴിയുന്ന അപൂർവ്വ ഭാഗ്യവാനാണു താൻ. അയാൾ ഓർത്തു. കാറിനുള്ളിൽ വിഷവാതകം നിറയുന്നു. അയാൾ കണ്ണടച്ചു. മൗനമായി പ്രാർത്ഥിച്ചു.

ഈശ്വരാ..... അര നൂറ്റാണ്ടു മുമ്പ് അങ്ങെനിക്കു നൽകിയ ജീവൻ തിരിച്ചു നൽകുന്നു. ജീവിത യാത്രയിൽ എനിക്കു കൂട്ടായും തുണയായും നൽകിയവരെ വേദനയോടെ വേർപിരിയുന്നു.

പുറത്ത് ആരോ തന്നെ വിളിക്കുന്നതായി തോന്നി. അയാൾ കാതോർത്തു. ആരോ കരയുന്ന ശബ്ദം...... തന്റെ മകളുടെ ശബ്ദം....?

മയക്കത്തിന്റെ നടുക്കയത്തിലേക്കു താണുതുടങ്ങിയ അയാൾ ചാടിയെണീറ്റു. ഗരേജിന്റെ സ്വിച്ച മർത്തി.

കരയുന്ന ശബ്ദത്തോടെ ഷട്ടർ ഉയരുന്നു. പുറത്തേക്കു തള്ളുന്ന പുകച്ചുരുളുകൾ താഴെ കറുത്ത സിമന്റുതറ. ഷട്ടർ ഉയരുന്നതൊപ്പം പുകച്ചുരുളുകൾക്കിടയിൽ തെളിഞ്ഞു തുടങ്ങിയ നഗ്നപാദങ്ങളി ലേക്കു അവൾ വീണു. ഒരു ഏങ്ങലടിയോടെ.